"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (എസ്.എസ്.) വകുപ്പ്

സ.ഉ.(കൈ) നം.137/2020/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 06/08/2020

---

<u>ഉത്തരവ്</u>

കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി താഴെപറയുന്ന മന്ത്രിസഭാംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ. എ. കെ. ബാലൻ, പട്ടികജാതി- പട്ടികവർഗ്ഗ- പിന്നോക്കവിഭാഗ ക്ഷേമ-നിയമ - സാംസ്കാരികകാര്യ-പാർലമെൻററികാര്യ വകുപ്പ് - ചെയർമാൻ
2. ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യ വകുപ്പ് - അംഗം
3. ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂ-ഭവനനിർമ്മാണവകുപ്പ്.- അംഗം
4. ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പ്- അംഗം
5. ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പ്- അംഗം
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖ- മ്യൂസിയം-ആർക്കിയോളജി ആർക്കൈവ്സ് വകുപ്പ്.- അംഗം.

2. മന്ത്രിസഭാ ഉപസമിതിയുടെ കൺവീനറുടെ ചുമതല ചീഫ് സെക്രട്ടറി നിർവ്വഹിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്കവിഭാഗ ക്ഷേമ-നിയമ-സാംസ്കാരികകാര്യ-പാർലമെൻററികാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ-ഭവനനിർമ്മാണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തുറമുഖ- മ്യൂസിയം-ആർക്കിയോളജി ആർക്കൈവ്സ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.
പൊതുഭരണ (എസ്. സി )വകുപ്പ് (05.08.2020 ലെ 4146 -നമ്പർ മന്ത്രിസഭാതീരുമാനം)
കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ .

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പബ്ളിക് ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) (മന്ത്രിസഭാ തീരുമാനത്തിന്റെയും മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിന്റേയും പകർപ്പ് സഹിതം പ്രസിദ്ധീകരണത്തിന്)

33

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-08-2020

ഫയൽ നം. എസ്.എസ്.3/55/2020/പൊ.ഭ.വ. ഇനം നം: 4146

11. വിഷയം : പൊതുഭരണ വകുപ്പ് - കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. താഴെപ്പറയുന്ന മന്ത്രിസഭാംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു.

1. ശ്രീ. എ.കെ. ബാലൻ, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗ ക്ഷേമ-നിയമ- സാംസ്കാരികകാര്യ-പാർലമെന്ററികാര്യ വകുപ്പ്. - ചെയർമാൻ.
2. ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യ വകുപ്പ്.
3. ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പ്.
4. ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പ്.
5. ശ്രീ. എ.കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പ്.
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖ-മ്യൂസിയം ആർക്കിയോളജി ആർക്കൈവ്സ് വകുപ്പ്.

ചീഫ് സെക്രട്ടറി കൺവീനർ.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

(SS)

K.R. JYOTHILAL IAS
PEN No. 325167
Principal Secretary
Dept. of General Administration & Devaswom
Govt. of Kerala, Thiruvananthapuram
Ph: 0471 2518669

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

4146

13

## കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

10

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്.എസ്3/55/2020/പൊ.ഭ.വ. |
| 2 | വകുപ്പ് | : | പൊതുഭരണ (എസ്.എസ്.) വകുപ്പ് |
| 3 | വിഷയം | : | കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.08.2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.ഗോപകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.08.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.08.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.08.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.08.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് വിഷയമാണ് കുറിപ്പിലുള്ളത്.

2. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച വിവിധ വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) എം.എം.പൂഞ്ചി അദ്ധ്യക്ഷനായ ഒരു കമ്മീഷൻ രൂപീകരിച്ചിരുന്നു. ഈ കമ്മീഷൻ 2010-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ ഈ റിപ്പോർട്ട് എല്ലാ സംസ്ഥാനങ്ങൾക്കും, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്കും/വകുപ്പുകൾക്കും അഭിപ്രായങ്ങൾക്കായി അയച്ചു കൊടുക്കുകയുണ്ടായി. 2011-2015 കാലയളവിൽ അന്നത്തെ സംസ്ഥാന സർക്കാർ കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട പൂഞ്ചികമ്മീഷൻ ശുപാർശകളിൻമേലുള്ള അഭിപ്രായം ലഭ്യമാക്കിയിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ച ഈ ശുപാർശകൾ 2016 ജൂലൈയിൽ നടന്ന ഇന്റർ സ്റ്റേറ്റ് കൗൺസിന്റെ 11-ാമത് യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ശുപാർശകൾ ആദ്യം ബഹു.കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുന്നതിനും തുടർന്ന് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അഭിപ്രായം സഹിതം ഇന്റർ സ്റ്റേറ്റ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വോള്യം-III (ധനകാര്യ ബന്ധങ്ങൾ)-ലെ ശുപാർശകളിൽ പുതിയ അഭിപ്രായം അറിയിക്കാൻ 2017 മേയ് മാസത്തിൽ സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടിരുന്നു. പുതുക്കിയ അഭിപ്രായം 2017-ൽ തന്നെ സംസ്ഥാനം ലഭ്യമാക്കിയിട്ടുണ്ട്.

3. സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കേന്ദ്ര മന്ത്രാലയങ്ങളുടെയും അഭിപ്രായം ശേഖരിച്ചശേഷം 09.04.2017, 25.11.2017, 25.05.2018 എന്നീ തിയതികളിൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി, കമ്മീഷൻ ശുപാർശകളും സംസ്ഥാന സർക്കാരുകളുടെയും, കേന്ദ്ര മന്ത്രാലയങ്ങളുടെയും/വകുപ്പുകളുടെയും അഭിപ്രായങ്ങളും പരിശോധിക്കുകയുണ്ടായി. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തിൽ, ആകെ

273 ശുപാർശകളിൽ 29 എണ്ണം വിവരദായക സ്വഭാവത്തിലുള്ളതും, 128 എണ്ണത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് കഴിഞ്ഞതാണെന്നും, ബാക്കി 116 എണ്ണം ഇന്റർ സ്റ്റേറ്റ് കൗൺസിൽ മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കുവാനുള്ളതുമാണ്. കൂടാതെ സമീപഭാവിയിൽ കൂടാനിരിക്കുന്ന ഇന്റർ സ്റ്റേറ്റ് കൗൺസിലിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി ഈ ശുപാർശകൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

4. കമ്മീഷൻ ശുപാർശകളും സംസ്ഥാന സർക്കാരുകളുടെയും/കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അഭിപ്രായങ്ങളും കേന്ദ്ര മന്ത്രാലയങ്ങളുടെയും/വകുപ്പുകളുടെയും അഭിപ്രായങ്ങളും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അന്തിമ ശുപാർശകളും അടങ്ങുന്ന അജണ്ട കുറിപ്പ് സംസ്ഥാന സർക്കാരിന് അയച്ചുതരുകയും, അജണ്ട കുറിപ്പ് പരിശോധിച്ച് നിലവിലെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകളിൻമേലുള്ള സംസ്ഥാനസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് (ആയത് അനുബന്ധമായി വെച്ചിട്ടുള്ളത് കാണുകയും).

5. ഫയൽ സംക്രമണം ചെയ്യുമ്പോൾ 05.08.2020 ലെ മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുന്ന ഇന്റർ-സ്റ്റേറ്റ് കൗൺസിലിന്റെ അജണ്ട ഇനങ്ങളിൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കാമോ ?